പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 167 27-06-2011-ൽ മറുപടിക്ക്.

## മദ്യത്തിന്റെ വ്യാപകമായ ഉപയോഗം നിയന്ത്രിക്കാൻ നടപടി

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മദ്യത്തിന്റെ വ്യാപകമായ ഉപയോഗം നിയന്ത്രിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) മദ്യത്തിന്റെ വ്യാപകമായ ഉപയോഗം തടയുന്നതിന്റെ ഭാഗമായി, മദ്യാസക്തിക്കെതിരെയുള്ള ബോധവൽക്കരണം, ജനപ്രതിനിധികളുടെയും, സർക്കാർ - സർക്കാരിതര സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണത്തോടെ നടത്തി വരുന്നു. മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് എക്സൈസ് വകുപ്പ് ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്ന പേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. കൂടാതെ, സംസ്ഥാനത്തെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ, ശ്രീ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ സന്ദേശം ഉൾക്കൊള്ളുന്ന 'STOP SAD' എന്ന ജാലവിദ്യ പ്രകടനവും നടത്തുകയുണ്ടായി. |

(സി) വ്യാജമദ്യത്തിന്റെ ഉല്പാദനം, വിതരണം എന്നിവ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

(സി) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും നിർമ്മാണം, ഉപയോഗം, വിപണനം എന്നിവ തടയുന്നതിനായി, ശക്തമായ റെയ്ഡുകൾ നടത്തി വരികയും, വാഹന പരിശോധന, രാത്രികാല പട്രോളിംഗ് എന്നിവ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബോർഡർ പട്രോളിംഗിനായി പ്രത്യേക സ്ക്വാഡുകളെ നിയമിച്ചിട്ടുണ്ട്. മദ്യാസക്തിക്കെതിരെ, ലഹരി വർജ്ജന ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, തെരുവ് നാടകങ്ങൾ എന്നിവ നടത്തി വരുന്നു. ജനകീയ കമ്മിറ്റികൾ, പഞ്ചായത്ത് / താലൂക്ക് /ജില്ലാ തലത്തിൽ പ്രവർത്തിച്ചു വരുന്നു. എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് വാഹന പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. അബ്കാരി കുറ്റ കൃത്യങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച്, മേൽ നടപടിക്കായി എക്സൈസിലെ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറാൻ പ്രത്യേക ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചു വരുന്നു. കൂടാതെ, പോലീസ്, റവന്യൂ, വനം എന്നീ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത റെയിഡുകളും നടത്തി വരുന്നുണ്ട്. കൂടാതെ 140 നിയോജക മണ്ഡലങ്ങളിലും സ്കൂൾ കോളേജ് തലത്തിൽ ഓരോ ലഹരി വിരുദ്ധ ക്ലബ്ബുവീതം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ജില്ലാ ആശുപത്രികളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ തുടങ്ങുവാനും ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ